(സി, ഡി) ഈ റോഡിന്റെ മണിയാർ മുതൽ കുടപ്പന വരെയുള്ള ഭാഗം 49.20 ലക്ഷം രൂപ ചെലവിൽ നന്നാക്കുന്നതിനുള്ള പദ്ധതി നബാർഡിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുടപ്പന മുതൽ അഞ്ചുകുഴി വരെയുള്ള മൂന്ന് കി.മീ. ദൂരം റോഡ് പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. റോഡുകളുടെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതനുസരിച്ച് നബാർഡിൽനിന്നും ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോടനാട് ആനവളർത്തൽ കേന്ദ്രത്തോടനുബന്ധിച്ച് ആനപാപ്പാൻ കളരി പ്രവർത്തനം

92 [2702] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടനാട് ആന വളർത്തൽ കേന്ദ്രത്തോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള ആനപാപ്പാൻ കളരി പ്രവർത്തനം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനപാപ്പാൻ കളരി ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആനവളർത്തൽ കേന്ദ്രം വിപുലീകരിക്കുന്നതിനും മൃഗശാല മാറ്റി സ്ഥാപിച്ച് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ആനവളർത്തൽ കേന്ദ്രവും മൃഗശാലയും പുനരുദ്ധരിച്ച് കൂടുതൽ വിനോദ സഞ്ചാരികളേയും പഠിതാക്കളേയും ആകർഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ആനവളർത്തൽ കേന്ദ്രം വിപുലീകരിക്കുന്നതിനും മൃഗശാല മാറ്റി കൂടുതൽ സൗകര്യം ഒരുക്കുന്നതിനും ഇപ്പോൾ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ഡി) കേന്ദ്ര സൂ അതോറിറ്റിയുടെ നിബന്ധനകൾ അനുസരിച്ച് ആനവളർത്തൽ കേന്ദ്രവും മൃഗശാലയും പുനരുദ്ധരിക്കുന്നതിന് തടസ്സമുണ്ട്. അല്ലാതെത്തന്നെ വിനോദ സഞ്ചാരികളേയും പഠിതാക്കളേയും ആകർഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

കട്ടച്ചിറ, കുരുമ്പൻമൂഴി ആദിവാസി കോളനികൾ വൈദ്യുതീകരിക്കാൻ അനുമതി

93 [2703] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടച്ചിറ, കുരുമ്പൻമൂഴി ആദിവാസി കോളനികൾ വൈദ്യുതീകരിക്കാൻ വനം വകുപ്പിന്റെ അനുമതി നൽകുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly